# വിജയപഥം
# കൊട്ടാരക്കര വിദ്യാഭ്യാസ ജില്ല

**SSLC PRE MODEL EXAMINATION 2022- 2023**

**Class : X** **Time : 2.30 hrs**

**സാമൂഹ്യശാസ്ത്രം** **Marks : 80**

PART – A

(1 മുതൽ 15 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം)

1.ജാലിയൻ വാലാബാഗ് കൂട്ടക്കൊലയ്ക്ക് കാരണമായ പൗരാവകാശനിഷേധ നിയമത്തിന്റെ പേരെഴുതുക? (1)

2. വിധവകളുടെ പുനർവിവാഹത്തിനായി ബംഗാളിൽ പ്രവർത്തിച്ച വ്യക്തിയാര്? (1)

3. ഒരു നാണ്യവിളയുടെ കൃഷിക്കാവശ്യമായ ഭൂമിശാസ്ത്ര ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. വിള ഏതെന്ന് കണ്ടെത്തി എഴുതുക. • ചൂടുള്ളതും ആർദ്രത കൂടുതലുള്ളതുമായ കാലാവസ്ഥ
• 24°C to 35°C വരെ താപനില • 150 cm ൽ അധികം വാർഷിക മഴ (1)

4. പൊതു ധനകാര്യം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത് ? (1)

5. ഇന്ത്യയിൽ ഉത്തരമഹാസമതലം, തീരസമതലങ്ങൾ എന്നിവിടങ്ങളിൽ മുഖ്യമായും കാണപ്പെടുന്ന മണ്ണിനം ഏതാണ്? (1)

6. കിഴക്കൻ മലനിരകളുടെ സവിശേഷതകൾ എന്തെല്ലാം? (3)

7. വിവിധതരം ബജറ്റുകളെ കുറിച്ച് വിവരിക്കുക. (3)

8. സമൂഹശാസ്ത്രത്തിന്റെ വളർച്ചയ്ക്കിടയാക്കിയ വിപ്ലവങ്ങൾ ഏതെല്ലാം? (3)

9.ഒഡീഷയിലെ ഝാർ, ജാർഖണ്ഡിലെ സിങ്ഭം, കർണാടകത്തിലെ ബെല്ലാരി, തമിഴ്നാട്ടിലെ സേലം എന്നീ സ്ഥലങ്ങൾ ഒരു പ്രധാന ലോഹധാതുവിന്റെ ഖനനത്തിന് പ്രസിദ്ധമാണ്.
a. ഏതാണ് ഈ ലോഹധാതു? b. ഇന്ത്യയിൽ ലഭിക്കുന്ന ഇതിന്റെ മുഖ്യ അയിരുകൾ ഏതെല്ലാം?
c. ഇന്ത്യയിൽ ഈ ധാതുവിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിക്കാൻ കാരണമെന്ത്? (3)

10. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ വർത്തമാനപത്രങ്ങൾ വഹിച്ച പങ്ക് എന്താണ്? (3)

11. ചേരുംപടി ചേർത്തെഴുതുക (4)

| സാമൂഹ്യ പരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ |
|---|---|
| വൈകുണ്ഠസ്വാമികൾ | പ്രത്യക്ഷ രക്ഷാ ദൈവസഭ |
| അയ്യങ്കാളി | സമത്വ സമാജം |
| വാഗ്ഭടാനന്ദൻ | സാധുജനപരിപാലന സംഘം |
| കുമാര ഗുരുദേവൻ | ആത്മവിദ്യാ സംഘം |

12. 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിന്റെ പ്രത്യേകത എന്ത്? അതിൽ അനുശാസിക്കുന്ന പ്രധാന അവകാശങ്ങൾ ഏവ? (4)

13. പൗരബോധത്തിന്റെ രൂപീകരണത്തിന് സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം? (4)

14. ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് നടത്തിയ സമരമേതായിരുന്നു. ഇതിൽ ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു? (4)

15. തന്നിരിക്കുന്ന ഇന്ത്യയുടെ ഭൂപടത്തിൽ താഴെപ്പറയുന്ന ഭൂമിശാസ്ത്ര സവിശേഷതകൾ കണ്ടെത്തി രേഖപ്പെടുത്തുക. (4)

a. ആരവല്ലി പർവ്വതനിര b.മാൾവാപീഠഭൂമി c. ഗോദാവരി നദി d. വിശാഖപട്ടണം ഉറമുഖം

PART- B

(16 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഓരോ ചോദ്യ നമ്പരിലും തന്നിട്ടുള്ള രണ്ട് ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക)

16. "ഗോത്ര ജനതയും ബ്രിട്ടീഷ് ഭരണത്തിന്റെ ഇരകളായി നിങ്ങൾ ഈ പ്രസ്താവനയോട് യോജിക്കുന്നുണ്ടോ" കാരണങ്ങൾ വിശദമാക്കുക. (3)

OR

1986 ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഏതെങ്കിലും മൂന്ന് നിർദ്ദേശങ്ങൾ എഴുതുക.

17. ഇന്ത്യൻ കർഷകരെ വാണിജ്യവിളകൾ കൃഷി ചെയ്യാൻ പ്രേരിപ്പിച്ച സാഹചര്യം വിലയിരുത്തുക. (3)

OR

"ഉഭയ കക്ഷി സമ്മതത്തിലെ വ്യവസ്ഥകളാണ് പഞ്ചശീല തത്വങ്ങൾ" സമർത്ഥിക്കുക.

18. ഇന്ത്യയിൽ തിങ്കളാഴ്ച ഉച്ചയ്ക്ക് 2 മണി ആയിരിക്കുമ്പോൾ ഗ്രീനിച്ച് സമയം എത്രയായിരിക്കും? (3)

OR

ചക്രവാതങ്ങൾ രൂപപ്പെടുന്നത് എങ്ങനെ? ഉത്തര - ദക്ഷിണാർദ്ധഗോളത്തിലെ ചക്രവാതങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?

19. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയുടെ നട്ടെല്ലായി മാറുന്നതെങ്ങനെ? (4)

OR

ഭാരതീയ റിസർവ് ബാങ്കിന്റെ പ്രധാന ധർമ്മങ്ങൾ ഏതെല്ലാം?

20. വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കുന്ന ചില പദ്ധതികളാണ് ചുവടെ നൽകിയിരിക്കുന്നത്. അവയുടെ ലക്ഷ്യങ്ങൾ രേഖപ്പെടുത്തുക. (4)

a. സംയോജിത ശിശു വികസന സേവന പരിപാടി (ICDS) b. രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA)

OR

എക്സിം ബാങ്ക് ഓഫ് ഇന്ത്യ നബാർഡിൽ നിന്നും സവിശേഷതകളുടെ അടിസ്ഥാനത്തിൽ എങ്ങനെ വ്യത്യാസമായിരിക്കുന്നുവെന്ന് എഴുതുക.

21. പൊതുഭരണത്തിന്റെ പ്രാധാന്യം എന്ത്? OR (4)

ഒരു രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകളും വിവേചനപരമായ ചുമതലകളും തമ്മിലുള്ള വ്യത്യാസം എന്ത്? രണ്ടിനും ഉദാഹരണങ്ങൾ എഴുതുക.

22. സേവനാവകാശ നിയമം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്നതെങ്ങനെ? (4)

OR

രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങളിൽ ഏറ്റവും സ്വീകാര്യമായത് ഏതാണ്? വിശദമാക്കുക.

23. ആകാശീയ വിദൂര സംവേദനത്തിന് പല മേന്മകൾ ഉണ്ടെങ്കിലും അതോടൊപ്പം തന്നെ ചില പോരായ്മകളുണ്ട്. അവ എന്തെല്ലാമെന്ന് കണ്ടെത്തി എഴുതുക. (4)

OR

താരതമ്യേന ചെറിയ പ്രദേശങ്ങളുടെ വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ചിത്രീകരിക്കുന്ന ഭൂപടങ്ങളാണ് ധരാതലീയ ഭൂപടങ്ങൾ. ഇവയുടെ ഉപയോഗങ്ങൾ എന്തെല്ലാം?

24. ഋതുഭേദങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ ഏവ ? ഉത്തരാർദ്ധഗോളത്തിലെ അയനാന്ത ദിനങ്ങളിലും വിഷുവങ്ങളിലും രാത്രി പകലുകളുടെ ദൈർഘ്യത്തിലുള്ള വ്യത്യാസം എന്ത്? (5)

OR

കൊറിയോലിസ് പ്രഭാവം കാറ്റുകളുടെ ദിശാവ്യതിയാനത്തിന് കാരണമാകുന്നത് എങ്ങനെയെന്ന് ചുവടെ നൽകിയിട്ടുള്ള കാറ്റുകളുടെ ദിശയുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുക.

a. വാണിജ്യവാതങ്ങൾ b. പശ്ചിമവാതങ്ങൾ

25. വിവിധ ചിന്തകന്മാരും ആശയങ്ങളും ഫ്രഞ്ച് വിപ്ലവത്തിന് വഴിയൊരുക്കിയതെങ്ങനെ എന്ന് വിശദമാക്കുക

OR (6)

ഫാഷിസത്തിന്റെ ജർമ്മൻ പതിപ്പായിരുന്ന നാസിസം സമർത്ഥിക്കുക.



KTR EDN DIS